**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 999 10.06.2019-ലെ മറുപടി

**കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് പദ്ധതി**

| **ചോദ്യം**<br>**ശ്രീ.കെ.എൻ.എ.ഖാദർ** | **മറുപടി**<br>**കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) വാട്ടർ അതോറിറ്റിയുടെയോ ജലനിധിയുടെയോ കുടിവെള്ള പദ്ധതികൾ ഇല്ലാത്തിനാൽ വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ള-മെത്തിക്കുന്നതുമായ പഞ്ചായത്തുകളിൽ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ | എ) കേരള വാട്ടർ അതോറിറ്റി പുതിയ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകാറുണ്ട് . നിലവിൽ ഉത്പാദന ഘടകങ്ങൾ പൂർത്തിയായിട്ടുള്ള പദ്ധതികളിൽ വിതരണശൃംഖല പൂർത്തിയാക്കുവാനാണ് പ്രാമുഖ്യം നൽകുന്നത് .എന്നിരുന്നാലും പഞ്ചായത്തുകളുടെ നിക്ഷേപ പ്രവൃത്തിയായും , എം.എൽ.എ , എം.പി എന്നിവരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള വരൾച്ചാ ദുരിതാശ്വാസത്തിൽ പ്പെടുത്തിയും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും ടാങ്കർ ലോറിയിൽ ജലവിതരണം ചെയ്യുന്നതും സാങ്കേതിക സാധ്യത ഉള്ളതുമായ സ്ഥലങ്ങളിൽ വിതരണശൃംഖല മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ ചെയ്യാറുണ്ട് .2016 -17 ലെ വരൾച്ചാക്കാലത്ത് ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിയിരുന്ന തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ , മടവൂർ (ഭാഗികം), പഴയകുന്നിന്മേൽ, കോവളം, കല്ലിയൂർ, വിഴിഞ്ഞം , വെങ്ങാനൂർ പാറശ്ശാല (നെട്ടുകോട് ), കൊല്ലം ജില്ലയിലെ പട്ടാഴി -വടക്കേക്കര, പട്ടാഴി-ദർഭ, വിളക്കുടി -കാര്യവിഭാഗം , പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, എരുത്തേൻപതി , വടകരപതി , കണ്ണൂർ ജില്ലയിലെ മാടായിപ്പാറ, വങ്കാത്തടം കോളനി , ലക്ഷംവീട് കോളനി, കണ്ടിൽതടം, സുനാമി കോളനി, പാട്യം എന്നിവിടങ്ങളിൽ പുതിയ വാട്ടർ സപ്ലൈ സ്കീമുകൾ കമ്മീഷൻ ചെയ്തത് വഴിയും ജലശുദ്ധീകരണ ശാലകളുടെ ശേഷി വർദ്ധിപ്പിക്കൽ , വിതരണ ശൃംഖലയുടെ വിപുലീകരണം എന്നിവ വഴിയും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| ബി) കൂടുതലും ബി.പി.എൽ വിഭാഗങ്ങളിൽപ്പെട്ടവർ ഉള്ള മേഖലകളിലും, ഭീമമായ ഗുണഭോക്തൃ വിഹിതം നൽകാൻ കഴിവില്ലാത്ത പഞ്ചായത്തുകളിലും ജലനിധിപദ്ധതി നടപ്പിലാക്കുവാൻ നേരിടുന്ന പ്രയാസം ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | ബി) ജലനിധി പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളിൽ ഇതു വരെ ഇത്തരം പ്രശ്നം റിപ്പോർട്ട് ചെയ്തിട്ടില്ല. എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ള ഗുണഭോക്തൃ കുടുംബങ്ങൾക്ക് അവരുടെ വിഹിതം നൽകാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പഞ്ചായത്ത് മുഖേന ട്രൈബൽ വെൽഫെയർ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ള ഗുണ ഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതത്തിന്റെ 50% തുക വരെ സേവനമായി നൽകുന്നതിന് ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ